**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4766** **20-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബ്ബറും ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ചേർത്ത ബിറ്റുമിനും ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളിൽ ബി.സി ഉപരിതല നിർമ്മാണം നാച്യുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ചാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ ബി.സി ഉപരിതല നിർമ്മാണ പ്രവൃത്തികളുടെ 50% ഷ്രെഡഡ്സ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 420 കി.മീ. റോഡുകൾ ഷ്രെഡഡ്സ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചും 600 കി.മീ. NRMB ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | റോഡ് നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റിക്കിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യാനുസരണം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഷ്രെഡഡ്സ്റ്റ് പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി മുഖേനയാണ് ലഭ്യമാക്കുന്നത്. കരാറുകാരുടെ ചുമതലയിൽ പ്രവൃത്തികൾക്കാവശ്യമായ ഷ്രെഡഡ്സ്റ്റ് പ്ലാസ്റ്റിക് ശേഖരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നു. |
| (സി) | റബ്ബറൈസ്ഡ് റോഡ് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ; ഇത് സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് കൂടി ഗുണകരമാകുന്ന തരത്തിൽ വ്യാപിപ്പിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ബി.സി. ഉപരിതലനിർമ്മാണപ്രവൃത്തികൾ എല്ലാംതന്നെ NRMB ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. NRMB ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രമാണ് VG-30 ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 600 കി.മീ. റോഡുകൾ ഷ്രെഡഡ്സ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. BPCL പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ റിഫൈനറിയിൽ ഉല്പാദിപ്പിക്കുന്ന NRMB യാണ് റോഡ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ റബ്ബർ കർഷകരിൽ നിന്നും റബ്ബർ ശേഖരിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ